പ്രിയപ്പെട്ട കൂട്ടുകാരെ,

ഒരുപാട് സവിശേഷതകൾ ഒത്തു ചേർന്ന മാസമാണ് ഈ വർഷത്തെ സെപ്റ്റംബർ മാസം. ദേശീയാഘോഷമായ ഓണവും ലോക മുസ്ലീംകൾ ഒന്നടക്കം ആഘോഷിക്കുന്ന ബലിപെരുന്നാളും ഒന്നിച്ചാഘോഷിക്കാൻ കഴിയുന്നു എന്നതാണ് അതിൽ ഏറ്റവും എടുത്തു പറയാവുന്നത്.

നിങ്ങൾ ഈ സന്ദർഭം ശരിക്കും ഉപയോഗപ്പെടുത്തണം. സൗഹൃദത്തിന്റെ ഓണപെരുന്നാൾ കൂട്ടായ്മകൾ സംഘടിപ്പിക്കണം. ഓണവുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങൾ പങ്ക് വെക്കാൻ കഴിയുന്നവരെയും ബലിപെരുന്നാളിന്റെ ചരിത്രമറിയുന്നവരെയും ഒന്നിച്ചിരുത്തി വേണം ഈ ദിനം ഉപയോഗപ്പെടുത്താൻ.

ബാലസംഘത്തിന്റെ ഓരോ ഘടകത്തിൻ കീഴിലുള്ള എല്ലാവരെയും വിളിച്ചു ചേർത്തുള്ള ഈ കൂട്ടായ്മകളിൽ വെച്ച് തന്റെ കൂട്ടുകാരന് സമ്മാനം കൈമാറാൽ (ഓണ ചങ്ങാതി, പെരുന്നാൾ സമ്മാനം) തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കണം. അയൽപക്ക വീടുകൾ സന്ദർശനം തുടങ്ങിയ പരിപാടികളും നടക്കണം.

ഓണപ്പരീക്ഷക്ക് വേണ്ടവിധം തയ്യാറെടുക്കുന്നുണ്ടല്ലോ. നന്നായി പഠിക്കുക. അവധിക്കാലം നന്നായി ഉപയോഗപ്പെടുത്തുകയും ചെയ്യുക. ഓരോ ഘടകവും പരമാവധി കൂട്ടുകാരെ ബാലസംഘാങ്ങളാക്കാൻ ശ്രമിക്കണം. പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും വേണം.

കോഡിനേറ്റർ

മലർവാടി ബാലസംഘം